അദ്ധ്യായം 9

# മണിയങ്ങാട്ട് അറപ്പള്ളിൽ കുടുംബം



മണിയങ്ങാട്ട് അറപ്പള്ളിൽ ലൂക്കാ ലൂക്കാ

മണിയങ്ങാട്ട് ലൂക്കാ കാരണവർ കെഴുവംകുളം ചിറവേലിൽ അന്നയെന്ന കാരണവത്തിയെ സ്വകുടുംബിനിയാക്കി. ഇവരുടെ ദാമ്പത്യവല്ലരിയിൽ പതിനൊന്നു സന്താനസൂനങ്ങൾ വിരിഞ്ഞു. അന്ന, ചാണ്ടി, ഔസേപ്പ്, ഏലിയാമ്മ, കൊച്ചുലൂക്കാ, മറിയാമ്മ, റോസ, തൊമ്മൻ, വർക്കി, മാത്യു, കുര്യൻ എന്നിവരായിരുന്നു ലൂക്കാ - അന്ന ദമ്പതികളുടെ സന്താനങ്ങൾ.

ഇവരിൽ കൊച്ചുലൂക്കാ അയർക്കുന്നം കൊച്ചുചേന്നാട് അവിരാ ഏലി മകൾ മറിയത്തെ സ്വന്തം ജീവിതപങ്കാളിയാക്കി. ഈ കുടുംബം അറപ്പള്ളി ചേരിക്കലിന്റെ കിഴക്കുഭാഗത്തേക്കു മാറിത്താമസിച്ചു. ഈ ദമ്പതികൾക്ക് ഒൻപതുമക്കൾ ജാതരായി. അന്ന, ഏലി, ലൂക്കാ, തൊമ്മച്ചൻ, മറിയം, കുട്ടിയച്ചൻ, (അബ്രാഹം) ഒറോത ജോസഫ്,

ത്രേസ്യാ എന്നിവരായിരുന്നു ആ നവസന്താനങ്ങൾ. ഇവരിൽ അന്നയും മറിയവും ശിശുപ്രായത്തിൽതന്നെ സ്വർഗ്ഗീയാരാമത്തിലേക്ക് ഇറുത്തെടുക്കപ്പെട്ടു.

പിതാവു കൊച്ചുലൂക്കാ 1937 മെയ് 7-ാം തീയതിയും മാതാവ് മറിയം 1959-സെപ്റ്റംബർ 24-ാം തീയതിയും ഈ കണ്ണുനീരിന്റെ താഴ്‌വരയിൽനിന്ന് എന്നേയ്ക്കുമായി എടുക്കപ്പെട്ടു.

കൊച്ചു ലൂക്കാ - മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൾ ഏലിയെ ചെങ്ങളം കുറ്റിക്കാട്ടു പീലിപ്പോസ് വിവാഹം ചെയ്തു. ഇവർക്ക് മാമ്മി, പാപ്പച്ചൻ, ലൂക്കാച്ചൻ, കുട്ടിയച്ചൻ, തോമ്മാച്ചൻ, കുഞ്ഞേപ്പച്ചൻ, മേരി എന്ന് എഴുമക്കൾ.

മൂത്തമകൾ മാമ്മിയെ പാലാ തെങ്ങുംപള്ളിയിൽ വർക്കിയച്ചൻ പാണിഗ്രഹണം ചെയ്തു. ഈ കുടുംബം തൊടുപുഴ (കലയന്താനി)യിൽ താമസിക്കുന്നു.

രണ്ടാമത്തെ സന്താനമായ പാപ്പച്ചൻ പൊൻകുന്നം ഉതിരക്കുഉത്തു വീട്ടിൽ നിന്ന് അന്നമ്മയെ ജീവിതപങ്കാളിയാക്കി.

മൂന്നാമത്തെ സന്താനമായ ലൂക്കാച്ചൻ കൊഴുവനാൽ മണിയങ്ങാട്ട് വടക്കേമുറിയിൽ മാമ്മിയെ വിവാഹം കഴിച്ചു.

നാലാമത്തെ സന്താനമായ കുട്ടിയച്ചൻ വെച്ചുച്ചിറ പുത്തേട്ട് ഏലിക്കുട്ടിയെ പരിണയിച്ചു.

അഞ്ചാമത്തെ സന്താനമായ തോമ്മാച്ചൻ ഇലന്തൂർ കളീക്കൽ അമ്മിണിയെ വിവാഹം ചെയ്തു.

ആറാമത്തെ സന്താനമായ കുഞ്ഞേപ്പച്ചൻ പത്തനംതിട്ട പാറയ്ക്കൽ അന്നമ്മയെ സ്വകുടുംബിനിയാക്കി.

ഏലി - പീലിപ്പോസ് ദമ്പതികളുടെ കനിഷ്ഠപുത്രി മേരി പൊൻകുന്നം ഏർത്തയിൽ (മംഗലത്തുകരോട്ട്) മാത്യുവിന്റെ പത്നിയാണ്. ഈ കുടുംബം ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു.

കൊച്ചു ലൂക്കാ - മറിയം ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ലൂക്കാ (കുഞ്ഞച്ചൻ) ചേർപ്പുങ്കൽ ചെറുകരക്കുന്നേൽ കുടുംബത്തിൽ നിന്ന് മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് പതിനൊന്നുമക്കൾ ജാതരായി. മാമ്മി, കുഞ്ഞൂട്ടി, ഏലിക്കുട്ടി, ചിന്നമ്മ, അച്ചാമ്മ, പാപ്പച്ചൻ, കുട്ടിയമ്മ, കൊച്ച്, വർക്കിച്ചൻ, അവിരാച്ചൻ, അപ്പച്ചൻ എന്നിവരാണ് പ്രസ്തുതപതിനൊന്നുമക്കൾ.



**മണിയങ്ങാട്ട് അറപ്പള്ളിൽ ലൂക്കാ ലൂക്കായും കുടുംബം**

ലൂക്കാ (കുഞ്ഞച്ചൻ) 1998 നവംബർ 21-ാം തീയതിയും ഭാര്യ മറിയം 1993 ജൂലൈ 20-ാം തീയതിയും അന്തരിച്ചു.

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ മൂത്തമകൾ മാമ്മിയെ വലവൂർ വേരനാൽ ജോസഫ് വിവാഹം ചെയ്തു. ജോർജ്, മേരിക്കുട്ടി, മാത്യു, സലോമി, ജോയി, ആലീസ്, ബെന്നി എന്നിവർ മക്കളാണ്. മാമ്മി 1994-ൽ മരണം പ്രാപിച്ചു.



**മേരിയമ്മ ലൂക്കോസ്    ലൂക്കോസ് മണിയങ്ങാട്ട്**

കുഞ്ഞൻ - മറിയം ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ കുഞ്ഞൂട്ടി (ലൂക്കാ) കൊഴുവനാൽ കരിമ്പാനിയിൽ (മൈലാടിയിൽ) തോമസ് - മറിയാമ്മ മകൾ മറിയാമ്മയെ പരിണയിച്ചു. ഈ കുടുംബം വെച്ചൂച്ചിറയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് എട്ടു മക്കളുണ്ട്. ലീലാമ്മ, ബേബി, തോമസ്, ജോസ്, വത്സമ്മ, ഓമന, ജോയി, സാബു എന്നിവരാണ് മക്കൾ.

പിതാവ് കുഞ്ഞൂട്ടി 1996 ഏപ്രിൽ 22-ന് നിര്യാതനായി.

കുഞ്ഞൂട്ടി - മറിയാമ്മ മകൾ ലീലാമ്മയെ റാന്നി കാഞ്ഞിര ക്കാട്ട് തോമസ് വിവാഹം ചെയ്തു. ജോജി, ജോബി, റ്റോബി, റെനി എന്നിവർ ഈ ദമ്പതികളുടെ സന്താനങ്ങളാണ്. ഇവർ മലബാറിൽ നറുക്കലക്കാട്ടു താമസിക്കുന്നു.



അറപ്പള്ളിൽ കുഞ്ഞുകുട്ടി മകൻ ബേബിയും കുടുംബവും

കുഞ്ഞൂട്ടി - മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താന മായ ബേബി എരുമേലി മങ്കുന്താനം മാണി - മറിയം ദമ്പതിക ളുടെ മകൾ മേരിയമ്മയെ പാണിഗ്രഹണം ചെയ്തു. ഇവർക്ക് ജീനാ, ജയ, ജിന്റു എന്ന മൂന്നുമക്കളുണ്ട്. ഇവർ മലബാറിൽ വെള്ളരിക്കു ണ്ടിൽ താമസിക്കുന്നു.



മണിയങ്ങാട്ട് എം.എൽ. തോമസും കുടുംബവും

കുഞ്ഞൂട്ടി - മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ തോമസ് തിടനാട് കുഴിത്തോട്ട് ജോസഫ് - മറിയാമ്മ മകൾ ജെസ്സിയെ സഹധർമ്മിണിയാക്കി. ഈ ദമ്പതികൾക്ക് ലൂക്ക് റ്റോം, അനു, മിനു ട്രീസാ എന്നിവർ മക്കളാണ്. തോമസ് ഡിസ്ട്രിക്ക് ഫോറസ്റ്റ് ഓഫീസർ (D.F.O.) ആണ്.



**അറപ്പള്ളിൽ കുഞ്ചുകുട്ടി മകൻ ജോസും കുടുംബവും**

കുഞ്ഞൂട്ടി മറിയാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രനായ ജോസ്, ചെറുപുഴ കടുകുംമാക്കൽ ലൂസിയെ വിവാഹം ചെയ്തു. ജറിൻ, ജസിൻ, മെറിൻ. എന്നിവരാണ് മക്കൾ. ഇവർ വെള്ളരിക്കുന്നിൽ താമസിക്കുന്നു.

കുഞ്ഞൂട്ടി - മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ വത്സമ്മ നീലൂർ മുണ്ടിയാങ്കൽ ജോണിയുടെ പത്നിയാണ്. ഈ ദമ്പതികൾക്ക് ജൂലിൻ, തോമസ് എന്ന രണ്ടുമക്കളുണ്ട്. ഈ കുടുംബം മലബാറിൽ തിരുവമ്പാടിയിൽ താമസിക്കുന്നു.

കുഞ്ഞൂട്ടി - മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ ഓമനയെ കുറമ്പനാടം മേക്കാട്ടുകുന്നേൽ പയസ് സ്വകുടുംബിനിയാക്കി. മാത്യു, ലൂക്കാ, റോസമ്മ എന്നിവരാണ് മക്കൾ.



എം.എൽ. ജോർജും കുടുംബവും (ജോയിച്ചൻ)

ഏഴാമത്തെ സന്താനമായ ജോയിച്ചൻ വള്ളക്കടവ് കുറുമ്പനാനം സാലിയെ പരിണയിച്ചു. ക്ലിന്റ്, ക്ലിൻസ് എന്നിവർ മക്കൾ. ഈ കുടുംബം മലബാറിൽ ബളാലിൽ താമസിക്കുന്നു.



സാബു മണിയങ്ങാട്ടും കുടുംബവും

കുഞ്ഞൂട്ടി - മറിയാമ്മ ദമ്പതികളുടെ എട്ടാമത്തെ സന്താനമായ സാബു പാലാ കാനാട്ട് കുടുംബാംഗമായ ഷൈനിയെ സ്വവധുവാക്കി. സോണാ ഏക സന്താനമാണ്. ഈ കുടുംബം വെച്ചൂച്ചിറയിലാണ് താമസം.

ലൂക്കാ (കുഞ്ഞച്ചൻ) മറിയം ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ഏലിക്കുട്ടി മണ്ണയ്ക്കനാട് ഈഴക്കുന്നേൽ പോളിന്റെ കുടുംബിനിയായി. ജോയി, മേരിക്കുട്ടി, തെയ്യാമ്മ, എൽസമ്മ എന്നീ സന്താനങ്ങളുണ്ട്. ഈ കുടുംബം മലബാറിൽ ഭീമനടി പ്ലാച്ചിക്കരയിൽ താമസിക്കുന്നു. ഏലിക്കുട്ടി 1963-ൽ ചരമമടഞ്ഞു.

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ നാലാമത്തെ സന്താന മായ ചിന്നമ്മയെ പുന്നത്തുറ ആനിക്കാമറ്റത്തിൽ ജോൺ പാണി ഗ്രഹണം ചെയ്തു. ജോസ്, ബേബി, ജയിംസ്, സാബു എന്നിവർ മക്കളായുണ്ട്.

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ അഞ്ചാമത്തെ സന്താന മായ അച്ചാമ്മ ആരാധനാ മഠത്തിൽ ചേർന്നു സന്യാസിനിയായി. സിസ്റ്റർ തെരേസ് മണിയങ്ങാട്ട് എന്നപേരിൽ അറിയപ്പെടുന്നു.



എ.എൽ. ജോസഫ് ഏലിയാമ്മ ജോസഫ്

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ ആറാമത്തെ സന്താനമായ പാപ്പച്ചൻ (ജോസഫ്) ഉരുളിക്കുന്നത്ത് പടിഞ്ഞാറേമുറിയിൽ ഏലി യാമ്മയെ പരിണയിച്ചു. മേരിയമ്മ, ജോസാമ്മ എൽസിക്കുട്ടി എന്നി വർ മക്കളാണ്.

ഇവരിൽ മേരിയമ്മയെ, ഏറ്റുമാനൂർ പുല്ലാട്ടു ജോർജുകുട്ടി വിവാഹം ചെയ്തു. വിപിൻ, നിമ്മി എന്നിവരാണ് മക്കൾ. ജോർജു കുട്ടി സൗത്ത് ഇൻഡ്യൻ ബാങ്ക് ഓഫീസറാണ്.

ജോസാമ്മയെ തളിപ്പറമ്പ് വെട്ടത്തു റോമിയോ ജീവിതപങ്കാ ളിയാക്കി. ഈ ദമ്പതികൾക്ക് രണ്ടുമക്കളുണ്ട്. റോമിയോ തളിപ്പറ മ്പുകോടതിയിൽ അഭിഭാഷകനാണ്.

പാപ്പച്ചൻ - ഏലിയാമ്മ ദമ്പതികളുടെ കനിഷ്ഠപുത്രി എത്സി ക്കുട്ടി കൊന്നക്കാട് കണിയാംകുന്നേൽ ജോസിന്റെ കുടുംബിനി യാണ്. ഈ ദമ്പതികൾക്ക് ഒരാണും ഒരുപെണ്ണും മക്കളായുണ്ട്. ജോസ് കാഞ്ഞാങ്ങാട്ട് അഭിഭാഷകനാണ്.

പാപ്പച്ചൻ (ജോസഫ്) 1960-ൽ ആണ് വെള്ളരിക്കുണ്ടിൽ കുടി യേറിയത്. അക്കാലത്ത് ആ പ്രദേശത്ത് ഗതാഗതസൗകര്യം തീരെ

കുറവായിരുന്നു. മറ്റ് ആഫീസുകളും ഇല്ലാത്ത അവസ്ഥയായിരുന്നു. ഈ ദുരവസ്ഥയിൽനിന്ന് ആ പ്രദേശത്തെ മോചിപ്പിക്കുന്നതിനായി റോഡുകൾ, സ്കൂളുകൾ, ബാങ്കുകൾ, ട്രഷറി, പോസ്റ്റ് ഓഫീസ്, വിദ്യുച്ഛക്തി, ടെലിഫോൺ എന്നീ പൊതുസ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും യാഥാർത്ഥ്യമാക്കുന്നതിൽ പൊതുജനങ്ങളെ സംഘടിപ്പിച്ചു നിവേദനം നടത്തുന്നതിനും അധികൃതശ്രദ്ധയാകർഷിക്കുന്നതിനു പാപ്പച്ചൻ മുന്നണിയിൽനിന്ന് അക്ഷീണം പ്രവർത്തിച്ചു. വിശാലമനോഹരമായ ദേവാലയനിർമ്മിതിക്കും മുൻപന്തിയിൽ നിന്നുപ്രവർത്തിച്ചത് പാപ്പച്ചനായിരുന്നു. ഈ വക പൊതുപ്രവർത്തനങ്ങൾക്കുവേണ്ടി അധ്വാനം മാത്രമല്ല കുറെയധികം പണവും അദ്ദേഹം കാഴ്ചവയ്ക്കുകയുണ്ടായി.

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ ഏഴാമത്തെ സന്താനമായ കുട്ടിയമ്മയെ (റോസ) കാഞ്ഞിരമറ്റം പാറേൽകുളത്തു ജോസഫ് വിവാഹം ചെയ്തു. ഇവരുടെ മക്കളാണ് തങ്കച്ചൻ, ജൂലി, വിത്സൺ, ജോസ്, ജോഷി, ജോളി, ലിയോ എന്നിവർ. ഈ കുടുംബം കാർത്തികപുരത്തു താമസിക്കുന്നു.



എ.എൽ. തോമസും കുടുംബവും

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ എട്ടാമത്തെ സന്താനമായ തോമസ് പൂവരണി പരിപ്പീറ്റത്തോട് കുടുംബത്തിൽ നിന്നു മറിയാമ്മ യെ സ്വകുടുംബിനിയാക്കി. ഷേർളി, സണ്ണി, കൊച്ചുറാണി, സാബു, ജോഷി, ഷിജി എന്നിവരാണ് മക്കൾ.

മക്കളിൽ മൂത്തവളായ ഷേർളിയെ പ്ലാച്ചിക്കര നരിക്കുഴിവീട്ടിൽ ബാബു പാണിഗ്രഹണം ചെയ്തു. ബാബു സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കാഞ്ഞങ്ങാട്ടു ബ്രാഞ്ചിൽ ജോലി ചെയ്യുന്നു.

തോമസ് - മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ സണ്ണി ചിറ്റാലിക്കാട്ട് കുത്തിയതോടുവീട്ടിൽ റോസമ്മയെ

വിവാഹം കഴിച്ചു സണ്ണി സ്വന്തമായി ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. ഈ കുടുംബം വെള്ളരിക്കുണ്ടിൽ താമസമാക്കിയിരിക്കുന്നു.

തോമസ് - മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ കൊച്ചുറാണിയെ പാലാവയൽ മാത്തശ്ശേരിൽ സണ്ണി വിവാഹം ചെയ്തു.

തോമസ് - മറിയാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ സാബു ചിറ്റാലിക്കാട്ട് മലയപ്പറമ്പിൽ റൂബിയെ ജീവിതപങ്കാളിയാക്കി. സാബുവും ബിസിനസ്സുകാരനാണ്.

തോമസ് - മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ജോഷി വെള്ളരിക്കുണ്ടിൽ വ്യാപാരം നടത്തുന്നു.

തോമസ് - മറിയാമ്മ ദമ്പതികളുടെ ഇളയപുത്രൻ ഷിജി കൂത്തുപറമ്പ് കോളേജിൽ പഠിക്കുകയാണ്.

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ ഒൻപതാമത്തെ സന്താനമായ വർക്കിയച്ചൻ 1960-ൽ 15-ാം വയസ്സിൽ നിര്യാതനായി.



**മണിയങ്ങാട്ട് അറപ്പള്ളിൽ പഴയതോട്ടം അവിരാച്ചന്റെ കുടുംബം**

കുഞ്ഞച്ചൻ മറിയം ദമ്പതികളുടെ പത്താമത്തെ സന്താനമായ അവിരാച്ചൻ പൈക പാംപ്ലാനിയിൽ കുഞ്ഞുമറിയാമ്മ മകൾ അമ്മിണിയെ വിവാഹം ചെയ്തു. ജിസ്സി, സജി, ജിജി എന്നിവരാണ് മക്കൾ. ഈ കുടുംബം വെള്ളരിക്കുണ്ടിൽ താമസിക്കുന്നു. പിതാവ് അവിരാച്ചൻ 1973 ജൂലൈ 26-ാം തീയതി ദിവംഗതനായി.

മൂത്ത മകൾ ജിസ്സിയെ ചിറ്റാലിക്കാട് ഇലഞ്ഞിമറ്റം ജോയി വിവാഹം ചെയ്തു.

രണ്ടാമത്തെ സന്താനമായ സജി സ്വന്തം ബിസിനസ്സിൽ ഏർപ്പെട്ടു വെള്ളരിക്കുണ്ടിൽ താമസിക്കുന്നു.

ഇളയ മകൾ ജിജി സന്യാസവ്രതം സ്വീകരിച്ചു കന്യകാമഠത്തിൽ അർപ്പിതജീവിതം നയിക്കുന്നു.



എം.എൽ. അലക്സാണ്ടറും ഭാര്യയും മകൻ രാജേഷ്

കുഞ്ഞച്ചൻ - മറിയം ദമ്പതികളുടെ ഇളയപുത്രൻ അപ്പച്ചൻ (അലക്സാണ്ടർ) ചേർപ്പുങ്കൽ നെടുമ്പുറം കുടുംബാംഗമായ ചേച്ചമ്മയെ വിവാഹം ചെയ്തു. രാജേഷ് ഏകമകനാണ്. അലക്സാണ്ടർ റിട്ടേയേർഡ് ഹെഡ്മാസ്റ്ററാണ്. മകൻ രാജേഷ് അമേരിക്കയിൽ എൻജിനീയറാണ്.

## അറപ്പള്ളിൽ തൊമ്മച്ചൻ



മണിയങ്ങാട്ട് അറപ്പള്ളിൽ തൊമ്മച്ചന്റെ കുടുംബം

അറപ്പള്ളിൽ കൊച്ചുലൂക്കാ - മറിയം ദമ്പതികളുടെ പുത്രന്മാരിൽ രണ്ടാമനായ തൊമ്മച്ചൻ ഉരുളുകുന്നം (ഞണ്ടുപാറപ്പള്ളി ഇടവക) പടിഞ്ഞാറേമുറിയിൽ തൊമ്മൻ - അന്ന ദമ്പതികളുടെ മൂത്ത

പുത്രി ഏലിയെ മംഗല്യം ചാർത്തി വരിച്ചു. ഈ കുടുംബം തറവാടായ അറപ്പള്ളിൽ താമസമാക്കി.

തൊമ്മച്ചൻ – ഏലി ദമ്പതികൾക്ക് ലൂക്കാ (പാപ്പച്ചൻ) കുര്യൻ, തോമസ് എന്നുമൂന്നു പുത്രന്മാരും മേരി എന്ന പുത്രിയും ജനിച്ചു.

മൂത്തപുത്രൻ ലൂക്കോസ് (പാപ്പച്ചൻ) 1954 ഡിസംബറിൽ കട്ടപ്പനയ്ക്കടുത്ത് വള്ളക്കടവിൽ കൃഷിഭൂമി വാങ്ങി ദേഹണ്ഡങ്ങൾ ആരംഭിച്ച കൊഴുവനാൽ തെക്കേമുറിയിൽ റിട്ട. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ.ജെ. അബ്രാഹം – അന്നമ്മ ദമ്പതികളുടെ പുത്രി ഏലമ്മയെ പാപ്പച്ചൻ പാണിഗ്രഹണം ചെയ്തു. 1956 മുതൽ ഈ കുടുംബം വള്ളക്കടവിൽ താമസമാക്കി. പന്ത്രണ്ടു സന്താനങ്ങളെ നല്കി കർത്താവ് ഇവരുടെ ദാമ്പത്യത്തെ അനുഗ്രഹിച്ചു. ആലീസ്, തോമ്മാച്ചൻ, അവിരാച്ചൻ, അന്നമ്മ, ഔസേപ്പച്ചൻ, ജോർജുകുട്ടി, അന്തോനിച്ചൻ, ലൂക്കാച്ചൻ, മറിയാമ്മ, മാത്യു റിസ്സി, റോജൻ എന്നിവരാണ്.

മൂത്തമകൾ ആലീസ് ബിരുദം നേടിയശേഷം വിവാഹിതയായി. തീക്കോയി അറമത്ത് ചാക്കോച്ചനാണ് കണവൻ. ഇവർക്കു മൂന്നുമക്കളുണ്ട്. ചാക്കോച്ചൻ 2003 ൽ നിര്യാതനായി.

രണ്ടാമത്തെ സന്താനമായ തോമ്മാച്ചനും ബിരുദധാരിയാണ്. കാനറാ ബാങ്ക് ഷൊർണ്ണൂർ ബ്രാഞ്ചിൽ ഓഫീസറായി ജോലി ചെയ്യുന്നു. പ്ലാശനാൽ മണ്ണൂരെട്ടൊന്നിൽ കുടുംബാംഗമാണ് സഹധർമ്മിണി. പട്ടാമ്പി ഗവ. കോളേജ് പ്രൊഫസറാണ് മിസ്സിസ് തോമസ്. ഈ ദമ്പതികൾക്ക് രണ്ടമക്കളുണ്ട്.

മൂന്നാമത്തെ സന്താനമായ അവിരാച്ചൻ എം.എ. പാസ്സായ ശേഷം കൃഷിയും ബിസിനസ്സുമായി വള്ളക്കടവിൽ കഴിയുന്നു. ഭാര്യ കുമളി തെങ്ങനാക്കുന്നേൽ കുടുംബാംഗമാണ്. ഈ ദമ്പതികൾക്ക് രണ്ടുപേരാണ് മക്കൾ.

നാലാമത്തെ സന്താനമായ അന്നമ്മ പൊൻകുന്നം സ്കൂൾ അധ്യാപികയാണ്. ജീവിതപങ്കാളി പൂവത്തുംമൂട്ടിൽ മാത്തുകുട്ടി- ഫെഡറൽ ബാങ്ക് കാഞ്ഞിരപ്പള്ളി ബ്രാഞ്ചിൽ ഓഫീസറാണ്. ഈ ദമ്പതികൾ പൊൻകുന്നത്തു താമസിക്കുന്നു.

അഞ്ചാമത്തെ സന്താനമായ ഔസേപ്പച്ചൻ ഇൻഡ്യൻ നേവിയിൽ ടെലി കമ്മ്യൂണിക്കേഷൻ ഓഫീസറായിരുന്നു. പതിനഞ്ചു

വർഷത്തെ സേവനത്തിനുശേഷം റിട്ടയർ ചെയ്ത് കട്ടപ്പനയിൽ താമസിക്കുന്നു. സഹധർമ്മിണി ഇരട്ടയാർ ചെമ്മരപള്ളി കുടുംബാംഗമാണ്. ഇവർക്ക് മൂന്നുമക്കളുണ്ട്.

## ഫാ. ആന്റണി മണിയങ്ങാട്ട്

ആറാമത്തെ സന്താനമായ അന്തോനിച്ചൻ. ഫാ. ആന്റണി മണിയങ്ങാട്ട് - ആലുവാ, മംഗലപ്പുഴ സെമിനാരിയിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി. 1991 ഡിസംബർ 26-ന് മാർ മാത്യു വട്ടക്കുഴി തിരുമേനിയിൽ നിന്ന് വള്ളക്കടവുപള്ളിയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു.

പൊൻകുന്നം, മേരികുളം, കണമല പള്ളികളിൽ അസിസ്തേന്തിയായും മ്ലാമല, കീരിക്കരപള്ളികളിൽ വികാരിയായും കാഞ്ഞിരപ്പള്ളി മൈനർ സെമിനാരിയിൽ പ്രൊക്കുറേറ്ററായും കൂവപ്പള്ളി ലിസ്യു കോളേജ് വാർഡനായും കാഞ്ഞിരപ്പള്ളി ബിഷപ്പ്സ് ഹൗസിൽ സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ അമേരിക്കയിൽ മിഷ്യഗൺ സംസ്ഥാനത്ത് മർക്കറ്റേ രൂപതയിൽ ഫാ. ആന്റണി വൈദികശുശ്രൂഷ ചെയ്യുന്നു.

ലൂക്കോസ് - ഏലമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായ ലൂക്കാച്ചൻ സൗദിയിൽ (റിയാദിൽ) കമ്പനി അക്കൗണ്ടന്റാണ് ഭാര്യ തീക്കോയി ചന്ദ്രൻകുന്നേൽ കുടുംബാംഗമാണ്. റിയാദിൽ ഗവ. സർവ്വീസിൽ നഴ്സായി ജോലി ചെയ്യുന്നു.

എട്ടാമത്തെ സന്താനമായ മറിയാമ്മ തെക്കൻപറവൂർ ഉപ്പൂട്ടിൽ ജോസിന്റെ പത്നിയാണ്.

ഒൻപതാമത്തെ സന്താനമായ ജോർജ് കേരളസർക്കാർ മൃഗസംരക്ഷണവകുപ്പ് ജീവനക്കാരനാണ്. ഭാര്യ കരിമ്പനക്കുളം ഇടവഴിത്തറ കുടുംബാംഗം. ഈ ദമ്പതികൾക്ക് - രണ്ടുകുട്ടികളുണ്ട്.

പത്താമത്തെ സന്താനമായ മാത്യു അവിവാഹിതനാണ്. കൃഷിയാണ് ഹോബി.

പതിനൊന്നാമത്തെ സന്താനമായ റെസ്സി എം.എ. ബി.എഡ്. പ്ലസ്ടു സ്കൂൾ അധ്യാപികയാണ്.

ലൂക്കോസ് - ഏലമ്മ ദമ്പതികളുടെ പന്ത്രണ്ടാമത്തെ സന്താനമായ റോജൻ ചാർട്ടേഡ് അക്കൗണ്ടൻസി പഠിക്കുന്നു.

പിതാവ് ലൂക്കോസ് (പാപ്പച്ചൻ) പതിനാറുവർഷക്കാലം കടമാൻകുടി പഞ്ചായത്തുമെമ്പറായി സേവനംഅനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം മുൻകൈയെടുത്ത് സ്വന്തം സ്ഥലത്ത് എൽ.പി, യു.പി. സ്കൂളുകളും സർക്കാർ ആശുപത്രിയും സ്ഥാപിതമാക്കി. കൂടാതെ വള്ളക്കടവു പള്ളിക്ക് സ്വന്തം സ്ഥലം ദാനമായി നല്കുകയും പള്ളി നിർമ്മാണത്തിന് നേതൃത്വം വഹിക്കുകയും ചെയ്തു. ഇതിനു പുറമേ ഒരു അവികസിത പ്രദേശമായിരുന്ന വള്ളക്കടവു കടമാൻകുടി പ്രദേശത്തിന്റെ ബഹുമുഖമായ പുരോഗതിക്കായി ത്യാഗപൂർവ്വം യത്നിക്കുകയും റോഡുകൾ, പാലം, വൈദ്യുതി, ടെലിഫോൺ മുതലായ നാടിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാൽകരിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഒരു നല്ല കർഷകൻ എന്ന നിലയിൽ സ്വന്തം സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും ലൂക്കോസിനു കഴിഞ്ഞിട്ടുണ്ട്.

അറപ്പള്ളി തൊമ്മൻ - ഏലി ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ കുര്യാച്ചൻ (എ.റ്റി. സിറിയക്ക്) 1957-ൽ വള്ളക്കടവിൽ ജ്യേഷ്ഠൻ ലൂക്കോസിന്റെ വീടിനടുത്ത് സ്ഥലം വാങ്ങി താമസം തുടങ്ങി. ഭാര്യ എരുമേലി പുൽപ്പേൽ കുടുംബാംഗമായ അമ്മിണിയാണ്. ഈ ദമ്പതികൾക്ക് റ്റോമി, ലിസിയമ്മ, ദേവസ്യാച്ചൻ, മിനിമോൾ, ജയ്മോൾ എന്നിങ്ങനെ അഞ്ചുമക്കളുണ്ട്.

മൂത്തമകൻ റ്റോമി വണ്ടിപ്പെരിയാർ പഞ്ചായത്തു സ്കൂൾ അധ്യാപകനാണ്. മ്ലാമല ഫാത്തിമാ ഹൈസ്കൂൾ അധ്യാപിക കാഞ്ഞിരപ്പള്ളി കല്ലൂർകുളങ്ങര കുടുംബാംഗമാണ് ഭാര്യ. ഇവർക്ക് രണ്ടുകുട്ടികളുണ്ട്.

രണ്ടാമത്തെ സന്താനമായ ലിസിയമ്മ പെരുവന്താനം ചിറ്റപ്പനാട് കുടുംബാംഗമായ ഔസേപ്പച്ചന്റെ കുടുംബിനിയാണ്. ഇവർക്ക് മൂന്നുമക്കളുണ്ട്.

കുര്യാച്ചൻ - അമ്മിണി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ദേവസ്യാച്ചൻ കട്ടപ്പന മറ്റപ്പള്ളി കുടുംബത്തിൽനിന്നു മേരിയെ പരിണയിച്ചു. ഒരു പുത്രിയുണ്ട്.

കുര്യാച്ചൻ - അമ്മിണി ദമ്പതികളുടെ നാലാമത്തെ സന്താനമായ മിനിമോൾ എരുമേലിമങ്കന്താനം കുഞ്ഞുമോന്റെ ധർമ്മദാരങ്ങളാണ്. ഇവർക്ക് രണ്ടുമക്കളുണ്ട്. ഈ കുടുംബം മണിപ്പുഴയിൽ താമസിക്കുന്നു.

കുര്യാച്ചൻ - അമ്മിണിമാരുടെ ഇളയപുത്രി ജയ്മോൾ ഇരട്ട യാർ പൊട്ടംകുളം തങ്കച്ചന്റെ ജീവിതപങ്കാളിയാണ്. ഇവർക്ക് രണ്ടു മക്കളുണ്ട്.

പിതാവ് കുര്യാച്ചൻ 1999 മെയ് 15-ന് നിര്യാതനായി.

തൊമ്മച്ചൻ - ഏലി ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ കൊച്ച് (ഏ.റ്റി. തോമസ്) കാണക്കാലിൽ കുടുംബാംഗമായ തങ്കമ്മയെ പാണിഗ്രഹണം ചെയ്തു. ഈ കുടുംബം തറവാട്ടിൽ താമസിച്ചു. ജോൺസൺ, ഷേർലി, ലൗലി, ഷൈനി, ലിൻസി എന്ന് അഞ്ചുമക്കൾ ഇവർക്കുണ്ട്.

മൂത്തസന്താനമായ ജോൺസൺ പൊൻകുന്നം വട്ടക്കാട്ടു വീട്ടിൽ നിന്ന് ജിജിയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് ഒരു പുത്രനുണ്ട്.

രണ്ടാമത്തെ സന്താനമായ ഷേർലിയെ ചെറുവാണ്ടൂർ പറയക്കാട്ടിൽ ജേക്കബ് വിവാഹം കഴിച്ചു.

മൂന്നാമത്തെ സന്താനമായ ലൗലിയെ മല്ലപ്പള്ളി വലിയകണ്ടത്തിൽ പവ്വത്തിക്കുന്നേൽ ജോൺജീവിതപങ്കാളിയായി വരിച്ചു. ഇവർക്ക് രണ്ടുമക്കളുണ്ട്.

നാലാമത്തെ സന്താനമായ ഷൈനിയെ എറണാകുളത്ത് കുമരത്താംകുന്നേൽ ലൂക്കോസ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു കുട്ടിയുണ്ട്.

തോമസ്- തങ്കമ്മ ദമ്പതികളുടെ കനിഷ്ഠപുത്രിലിൻസിയെ പുനലൂർ നാരകത്തടത്തിൽ സാജു മന്ത്രകോടിയണിയിച്ചു. ഈ ദമ്പതികൾക്ക് ഒരു കുട്ടിയുണ്ട്.

അറപ്പള്ളിൽ തൊമ്മച്ചൻ - ഏലി ദമ്പതികളുടെ ഏകപുത്രി മേരിയെ വാഴൂർ ഇളങ്ങോയി വെട്ടുവയലിൽ കുഞ്ഞേപ്പ് ഏലി മകൻ മത്തായിച്ചൻ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരും ഒരുപുത്രിയും സന്താനങ്ങളായുണ്ട്.

## എ.എൽ. അവിരാ അറപ്പള്ളിൽ





എ.എൽ. അവിര     മേരി എബ്രാഹം



അറപ്പള്ളിൽ എ.എൽ. അവിരായും (കുട്ടിസാർ) കുടുംബം

അറപ്പള്ളിൽ കൊച്ചു ലൂക്കാ - മറിയം ദമ്പതികളുടെ ആറാമത്തെ സന്താനമായ അവിരാ (കുട്ടിസാർ) 1909 ഒക്ടോബർ 22-നു ഭൂജാതനായി. മുത്തോലി സ്കൂളിൽ പ്രാഥമികവിദ്യാഭ്യാസവും മാന്നാനത്ത് ഹൈസ്കൂൾ വിദ്യാഭ്യാസവും കഴിഞ്ഞ് മദിരാശി കോളേജിൽ നിന്ന് ഇന്റർമീഡിയറ്റും പാസ്സായി അധ്യാപകവൃത്തിയിൽ പ്രവേശിച്ചു. വാകമാല സെന്റ് ജോസഫ്സ് സ്കൂളിന്റെ പുരോഗതി ലാക്കാക്കി ഹെഡ്മാസ്റ്റർ സ്ഥാനം ഏറ്റെടുത്ത് ആത്മാർത്ഥമായി പ്രവർത്തിച്ചു. കുറേവർഷം മണലുങ്കൽ സെന്റ് അലോഷ്യസ് സ്കൂളിലും സേവനം അനുഷ്ഠിച്ചു, വാകമല സ്കൂളിൽ നിന്ന് 1971-ൽ വിരമിച്ചു.

1936 സെപ്റ്റംബർ 3-ാം തീയതി മരങ്ങാട്ടുപള്ളി ഉപ്പാന്തടത്തിൽ തൊമ്മൻ മറിയം ദമ്പതികളുടെ ഏകപുത്രിയും തോമസ്, സഖറി

യാസ് സാർ, ജോസഫ്, ഫാദർ ബൊനവെത്തൂർ ഒ.സി.ഡി. എന്നിവരുടെ സഹോദരിയും അധ്യാപികയുമായ മേരിയെ അവിരാസാർ പാണിഗ്രഹണം ചെയ്തു. ഈ അധ്യാപക ദമ്പതികൾക്ക് ലീലമ്മ (മേരി) സെലിൻ, ഫിലോമിന കൊച്ചുത്രേസ്യാ (ഗ്രേസി) ഏലമ്മ, ജോസ്, സാബു എന്നീ ഏഴുമക്കൾ ജാതരായി.

മൂത്തമകൾ ലീലമ്മ 1939 സെപ്റ്റംബർ 24-നു ജനിച്ചു. വിദ്യാഭ്യാസശേഷം, ജർമ്മനി ആസ്ഥാനമായുള്ള, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ എന്ന സന്യാസസഭയിൽ ചേർന്നു. സിസ്റ്റർ മരിയറ്റാ എന്ന സന്യാസനാമം സ്വീകരിച്ച കേരളത്തിൽ മാനന്തവാടി, ചെന്നലോട്ട് എന്നിവിടങ്ങളിലെ മഠങ്ങളിൽ സേവനം ചെയ്തു. ഇപ്പോൾ കൽപ്പറ്റയിൽ സേവനം ചെയ്യുന്നു.

രണ്ടാമത്തെ പുത്രി സെലിൻ 1943 ഏപ്രിൽ 4-നു ജനിച്ചു. ബി.എസ്.സി. ബി.എഡ്. പാസ്സായി, ഹൈസ്കൂൾ അധ്യാപികയായി നിയമിക്കപ്പെട്ടു. കൂട്ടിക്കൽ നടയ്ക്കൽ മൈക്കിൾ - ക്ലാര മകൻ പി.എം. വർക്കി (പാപ്പച്ചൻ) സെലിനെ മന്ത്രകോടിയണിയിച്ചു. പാപ്പച്ചനും ബി.എസ്.സി. ബി.എഡ്. ബിരുദധാരിയാണ്. ഇരുവരും കൂട്ടിക്കൽ ഹൈസ്കൂളിൽ അധ്യാപനം നടത്തിയിരുന്നു. റിട്ടയർ ചെയ്തശേഷം വിശ്രമജീവിതം നയിക്കുകയാണ്.

ഇവരുടെ സന്താനങ്ങളാണ് പ്രമോദ്, ഷാർലറ്റ്, ഷെറിൻ, എബിൻ എന്നിവർ.

പ്രമോദ് തിടനാട് ആലാനിക്കൽ പാപ്പച്ചൻ - തങ്കമ്മ മകൾ ജൂലിയെ സഹധർമ്മിണിയാക്കി.

ഷാർലറ്റിനെ ചങ്ങനാശ്ശേരി കച്ചിറയിൽ റെജിമോൻ പരിണയിച്ചു.

അവിരാ - മേരി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ഫിലോമിന 1946 ജൂൺ 20-നു ജനിച്ചു. ബിരുദാനന്തരബിരുദപഠനത്തിനുശേഷം അരുവിത്തുറ ഇടത്തിൽ തോമസ് ഏലിക്കുട്ടി ദമ്പതികളുടെ മകൻ തോംസൺ ഫിലോമിനായെ മന്ത്രകോടിയണിയിച്ചു. തോംസൺ (മാമ്മച്ചൻ) പുതുപ്പള്ളി റബ്ബർഗവേഷണകേന്ദ്രത്തിൽ ഡപ്യൂട്ടി ഡയറക്ടറാണിപ്പോൾ. ഫിലോമിനാ കോട്ടയം ബി.സി.എം. കോളേജ് കെമിസ്ട്രി വിഭാഗം മേധാവിയായി റിട്ടയർ ചെയ്തു.

ഫിലോമിനാ തോംസൺ ദമ്പതികൾക്ക് മൂന്നുമക്കൾ - ജാസ്മിൻ, മഞ്ജു, ടെസ്സാ

ജാസ്മിൻ പൊൻകുന്നം ഗോൾഡ്ഹിൽ (വടക്കയിൽ) മാത്യൂസിന്റെ ധർമ്മദാരങ്ങളാണ്. മാത്യൂസ് ബി.എസ്.എൻ.എൽ. എൻജിനീയറാണ്.

അവിരാ - മേരി ദമ്പതികളുടെ നാലാമത്തെ സന്താനമായ കൊച്ചുത്രേസ്യാ (ഗ്രേസി) 1949 ജനുവരി 6-ാം തീയതി ഭൂജാതയായി. ചെങ്ങളം പുതുവയലിൽ ജോസഫ് - ത്രേസ്യാ മകൻ തോമസ് ആണ് ഗ്രേസിയുടെ ജീവിതപങ്കാളി. ഈ ദമ്പതികളുടെ മക്കളാണ്, ഷൈബി, ജോബി, ഐബി, എബി എന്നിവർ.

അവിരാ - മേരി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ഏലമ്മ 1953 ജൂലൈ 20-നു ജനിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്സും തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് M.D.യും പാസ്സായശേഷം കൊല്ലം ആശ്രമം ഈ.എസ്.ഐ-ൽ അനസ്തീഷ്യസ്റ്റായി ജോലിയിൽ പ്രവേശിച്ചു. കൊല്ലം വെള്ളിമൺ ചാരുവിള ഫിലിപ്പ് - ബ്രിജിറ്റ് ദമ്പതികളുടെ പുത്രൻ ഡോ. തോമസ് ആണ്. ഡോ. ഏലമ്മയുടെ കണവൻ. ഡോ. തോമസ് കൊല്ലം ജില്ലാ ആശുപത്രിയിൽ ഓർത്തോപീഡിക് സർജനാണ്. ഈ ഡോക്ടർ ദമ്പതികൾക്ക് അജോ (എൻജിനീയർ) ജോമി എന്നരണ്ടുമക്കളുണ്ട്.

അവിരാ - മേരി ദമ്പതികളുടെ ആറാമത്തെ സന്താനമായ ജോസ് 1956 മാർച്ച് 31-നു ജനിച്ചു. 2000-ാ മാണ്ട് ജൂലൈ 6-ാം തീയതി അന്തരിച്ചു.



അറപ്പള്ളിൽ സാബുവും കുടുംബം

അവിരാ - മേരി ദമ്പതികളുടെ കനിഷ്ഠപുത്രൻ സാബു 1960 ആഗസ്റ്റ് 12-നു ജനിച്ചു. കാത്തലിക് സിറിയൻ ബാങ്ക് ഓഫീസറായി ജോലി ചെയ്യുന്നു. തുടങ്ങനാട് പൂവത്തുങ്കൽ മൈക്കിൾ - മറിയം മകൾ ശാലിനിയാണ് സഹധർമ്മിണി. ഈ ദമ്പതികൾക്ക് എബി, മിക്കി എന്നുരണ്ടു മക്കളാണുള്ളത്.

കുടുംബനാഥനും പിതാവുമായ അവിരാ (കുട്ടി സാർ) 1995 ജൂലൈ 28-ാം തീയതിയും കുടുംബിനിയും മാതാവുമായ മേരി ടീച്ചർ 1998 ജൂൺ 24-ാം തീയതിയും പരലോകപ്രാപ്തരായി. അറപ്പള്ളിൽ കൊച്ചു ലൂക്കാ - മറിയം ദമ്പതികളുടെ ഏഴാമത്തെ സന്താനമായ റോസമ്മ (ഒറോത) യെ തൊടുപുഴ മുട്ടംവരിക്കമാക്കൽ ഇട്ടിയവിരാ തൊമ്മൻ മകൻ ചാക്കോയാണ് വിവാഹം ചെയ്തത്. തോമസുകുട്ടി, മേഴ്സി എന്നിവരാണ് മക്കൾ.

പിതാവ് ചാക്കോ 1945 ജനുവരി 20-ാം തീയതിയും മാതാവ് റോസമ്മ 1999 ആഗസ്റ്റ് 9-ാം തീയതിയും നിര്യാതരായി.

മകൻ തോമസുകുട്ടി വയലാ തൈക്കാട്ടുതറ എമ്മാനുവേലിന്റെ പുത്രി ലൈസിയെ പാണിഗ്രഹണം ചെയ്തു. രാജേഷ്, റോഷ്ണി, രാജു എന്നിവരാണ് മക്കൾ.

പുത്രി മേഴ്സി മണിമല കണ്ണന്താനം വർഗീസ് അന്ന മകൻ ആന്റണിയുടെ കുടുംബിനിയായി. ആന്റണി ഇൻഡ്യൻ ആർമിയിൽ മേജർ ആയിരുന്നു. ഈ കുടുംബം ചെന്നെയിൽ താമസിക്കുന്നു.

## അറപ്പള്ളിൽ എ.എൽ. ജോസഫ്



അറപ്പള്ളിൽ എ.എൽ. ജോസഫ് ഭാര്യ ഏലിക്കുട്ടി

കൊച്ചുലൂക്കാ - മറിയം ദമ്പതികളുടെ എട്ടാമത്തെ സന്താന മായ ജോസഫ് ചേർപ്പുങ്കൽ മഞ്ഞനാനിക്കൽ ജോൺ ത്രേസ്യാ എന്നിവരുടെ മൂത്തമകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. പൂവ ത്തിളപ്പിലുള്ള വാതൽക്കാട്ടുപുരയിടത്തിൽ ആണ് താമസിക്കുന്ന ത്. ലൂക്കാ (അപ്പച്ചൻ) ജോൺ (കുഞ്ഞ്) മേരിക്കുട്ടി, ബാബു (ജോ സഫ്) എന്നിവരാണ് മക്കൾ.



അറപ്പള്ളിൽ ജോസഫ് മകൻ അപ്പച്ചനും കുടുംബവും

മൂത്തമകൻ ലൂക്കാ എന്ന അപ്പച്ചൻ കടപ്ലാമറ്റം കുട്ടൻ തറപ്പേൽ തോമസ് ക്ലാരമകൾ അന്നക്കുട്ടിയെ 1968 മെയ് 30-ാം തീയതി വിവാഹം ചെയ്തു. 1981 മാർച്ച് 31-ാം തീയതി ജനിച്ച സെൽമ എന്ന കുട്ടി ഇവർക്കുണ്ട്.



അറപ്പള്ളിൽ ജോസഫ് മകൻ ജോണും കുടുംബവും

ദ്വിതീയപുത്രൻ ജോൺ ബി.എസ്.സി. കഴിഞ്ഞ് ഡൽഹിയിലെത്തി എം.എ. പാസ്സായശേഷം കേന്ദ്രഗവൺമെന്റ് സർവീസിൽ പ്രവേശിച്ചു. ഇളങ്ങുളം കൊച്ചാക്കൽ മേരിക്കുട്ടിയാണ് ജീവിതപങ്കാളി. ബിൻസി, ഷെറിൻ എന്നരണ്ടു പുത്രിമാരുണ്ട്. ജോൺ ഇപ്പോൾ കേന്ദ്രവാണിജ്യവകുപ്പിൽ അണ്ടർസെക്രട്ടറിയാണ്.

ജോസഫ് - ഏലിക്കുട്ടി ദമ്പതികളുടെ ഏകപുത്രി മേരിക്കുട്ടിയെ പാലക്കാട്ടുമല നൂറനാനിക്കൽ മത്തായി ത്രേസ്യാ മകൻ ജോസ് സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് ബിജോ, ബിജി, ബിനി എന്ന മൂന്നുമക്കളുണ്ട്.



അറപ്പള്ളിൽ ജോസഫ് മകൻ ബാബുവും കുടുംബവും

ജോസഫ് - ഏലിക്കുട്ടി ദമ്പതികളുടെ ഇളയപുത്രൻ ബാബു ബി.എസ്.സി. വിദ്യാഭ്യാസത്തിനുശേഷം കൃഷിക്കാര്യങ്ങളിൽ വ്യാപൃതനായി. തിടനാട് പരവരാകത്ത് തോമസ് മറിയാമ്മ മകൾ ജോസമ്മയെ പാണിഗ്രഹണം ചെയ്തു. ജോസീനാ, ഔസേപ്പച്ചൻ, ബിസ്ന എന്ന മൂന്നുമക്കൾ ഇവർക്കുണ്ട്. ഈ കുടുംബം തറവാട്ടിൽ താമസിക്കുന്നു.

കുഞ്ഞൗസേപ്പ് എന്ന് വിളിച്ചിരുന്ന, കുടുംബകാരണവനായ ജോസഫ് നല്ലൊരു കർഷകൻ എന്നതിലുപരി ഉത്സാഹശാലിയായ ഒരു പൊതുകാര്യപ്രസക്തനും ആയിരുന്നു. മണലുങ്കൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി രൂപവല്ക്കരിച്ച കമ്മിറ്റി

യുടെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം കമ്മറ്റിയുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നതുവരെ അവിശ്രമം പ്രവർത്തിച്ചിരുന്നു എന്നുള്ളതും പ്രസ്താവ്യമാണ്.

കുടുംബനാഥ ഏലിക്കുട്ടി 1967 സെപ്റ്റംബർ 3-ാം തീയതി ഈ ലോകംവിട്ടു പിരിഞ്ഞു അപ്പോൾ അവർക്കു 48 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. പിതാവ് ജോസഫ് 87-ാ മത്തെ വയസ്സിൽ 2001 ജൂൺ 25-ാം തീയതിയാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

അറപ്പള്ളിൽ ലൂക്കാ - മറിയം ദമ്പതികളുടെ കനിഷ്ഠപുത്രി ത്രേസ്യാ ട്രീസാ മാർഗരറ്റ് എന്ന പേരിൽ ആരാധനാ സന്യാസസഭയിൽ അംഗമായി. ദീർഘകാലം അധ്യാപികയായി സേവനം അനുഷ്ഠിച്ചു. കടനാട് ആരാധനാമഠത്തിൽ വിശ്രമജീവിതം നയിച്ചുവരവെ, 1999 ഡിസംബർ 23-ാം തീയതി 82-ാ മത്തെ വയസ്സിൽ ദിവ്യമണവാളനിൽ നിത്യ നിദ്രപ്രാപിച്ചു.

